Draft #6 of File 31841/AC A1/3/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jul-2020 01:04 PM - Page 1



**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പാലാ സെന്റ് തോമസ് കോളേജിൽ സ്വാശ്രയ മേഖലയിൽ നടത്തപ്പെടുന്ന BA English Literature and Communication Studies (Double Main Model III) പ്രോഗ്രാം 2020-21 അദ്ധ്യയന വർഷം മുതൽ BA English Literature, Communication and Journalism (Triple Main Model III) പ്രോഗ്രാമാക്കി മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3486/AC A 1/2020/എം.ജി.യു                     പ്രിയദർശിനി ഹിൽസ്,തീയതി: 30.07.2020

---

*പരാമർശം:*-1.പാലാ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ 01.08.2019 തീയതിയിൽ സമർപ്പിച്ച അപേക്ഷ നം.Gs. IV/New Course/01/2019.

2. സർവ്വകലാശാല ഉത്തരവ് നം.6148/ACA1/2019/ എം.ജി.യു തീയതി 03.12.2019

3. 23.07.2020 തീയതി കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അപ്രൂവൽ & അഫിലിയേഷന്റെ ഇനം.നം. 31841/ACA1/3/2019 തീരുമാനം

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് & സയൻസ് കോളേജായ പാലാ സെന്റ് തോമസ് കോളേജിൽ സ്വാശ്രയ മേഖലയിൽ 30 സീറ്റുകളോടുകൂടി നടത്തപ്പെടുന്ന BA English Literature and Communication Studies (Double Main Model III) പ്രോഗ്രാം BA English Literature, Communication and Journalism (Triple Main Model III) പ്രോഗ്രാമാക്കി മാറ്റുന്നതിനായി ടി കോളേജ് പ്രിൻസിപ്പൽ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷ സർവ്വകലാശാല പരിഗണിക്കുകയും BA English Literature and Communication Studies (Double Main Model III) പ്രോഗ്രാം 2020-21 അദ്ധ്യയന വർഷം മുതൽ BA English Literature, Communication and Journalism (Triple Main, Model III) പ്രോഗ്രാം ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് ടി കോളേജിലെ പഠന ഭൗതീക സാഹചര്യങ്ങൾ പരിശോധിക്കുന്നതിനായി പരാമർശം (2) പ്രകാരം പരിശോധനാസമിതിയെ നിയമിക്കുകയും ചെയ്തു.

ടി സമിതി കോളേജ് സന്ദർശിക്കുകയും പഠന-ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമായതിനാൽ 2020-21 അദ്ധ്യയന വർഷം മുതൽ BA English Literature and Communication Studies (Double Main, Model III) പ്രോഗ്രാം BA English Literature, Communication and Journalism (Triple Main, Model III) പ്രോഗ്രാം ആക്കി മാറ്റുവാൻ ശുപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

23.07.2020 തീയതി കൂടിയ സിൻഡിക്കേറ്റിന്റെ അപ്രൂവൽ & അഫിലിയേഷൻ ഉപസമിതി യോഗം പരാമർശം (3) പ്രകാരം ടി റിപ്പോർട്ട് അംഗീകരിക്കാനും 2020-21 അദ്ധ്യയന വർഷം മുതൽ പാലാ സെന്റ് തോമസ് കോളേജിൽ നടത്തപ്പെടുന്ന BA English Literature and Communication Studies (Double Main, Model III) പ്രോഗ്രാം BA English Literature, Communication and Journalism (Triple Main Model III) പ്രോഗ്രാമാക്കി മാറ്റുവാൻ അനുവാദം നൽകുവാനും ശുപാർശ ചെയ്തു.

ടി ശുപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് വൈസ്-ചാൻസിലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം പാലാ സെന്റ് തോമസ് കോളേജിൽ നടത്തപ്പെടുന്ന BA English Literature and Communication Studies (Double Main Model III) പ്രോഗ്രാം, BA English Literature, Communication and Journalism (Triple Main Model III) പ്രോഗ്രാമാക്കി മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ, സെന്റ് തോമസ് കോളേജ്, പാലാ.
2. വൈസ് ചാൻസിലർ /പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ.
4. എസി.സി.1/ എസി.സി. 2
5. പി.ആർ.ഒ /കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ.
6. സ്റ്റോക്ക് ഫയൽ/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File 31841/AC A1/3/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Jul-2020 01:04 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം